# മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**തൃശ്ശൂർ ജില്ല**

**മുല്ലശ്ശേരി ബ്ലോക്ക്**

**എളവള്ളി ഗ്രാമപഞ്ചായത്**

**നാലാം വാർഡ്**

---

## മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് നിയമം

## സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളം (MGNSASK )

**2018-19**

---

## ആമുഖം

ഇന്ത്യയിൽ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെ സംരക്ഷിച്ച് നിലനിർത്തുന്നതിനായി 2005 സെപ്റ്റംബർ അഞ്ചാം തീയതി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിലവിൽ വന്നു. അവിദഗ്ദ കായിക തൊഴിലിൽഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉൽപാദനക്ഷമവുമായ ആസ്തികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.ദരിദ്രരുടെ ഉപജീവനവും ആയി ബന്ധപ്പെട്ട വിഭവാടിത്തറശക്തിപ്പെടുത്തുകയും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുകയും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്നതും ഇതിൻറെ ലക്ഷ്യമാണ്.

### സവിശേഷതകൾ

- നിയമത്തിൻറെ പിൻബലമുള്ള അവകാശാധിഷ്ഠിതപദ്ധതി
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം
- സ്ത്രീക്കും പുരുഷനും തുല്യ വേതനം
- പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന
- തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുകയും ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു
- ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത
- കരാറുകാരെ ഇടനിലക്കാരോ ഇല്ല
- പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്
- ബാങ്ക്, പോസ്റ്റോഫീസ് വഴി മാത്രം വേതന വിതരണം
- സ്ത്രീകൾക്ക് മുൻഗണന
- കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം
- ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് നടപ്പിക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിദേയമാക്കണമെന്ന് 17 (2 ) -)ം വകുപ്പ് നിഷ്കർഷിക്കുന്നു .പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതുധനം ചിലവഴിക്കുന്നതിനെപ്പറ്റിയും പൗരസമൂസഹം

നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയുമാണ് സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹിക പരിശോധന.തൊഴിലുറപ്പ് നിയമ പ്രകാരം വർഷത്തിൽ 2 പ്രാവിശ്യം സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ എല്ലാ വാർഡുകളിലും കൃത്യമായി നടത്തേണ്ടതാണ്.സോഷ്യൽ ഓഡിറ്റിലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പു വരുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സത്ഭരണം ഉറപ്പാക്കുന്നതിനും കഴിയുന്നു.പദ്ധതി പണം ശെരിയായ രീതിയിൽ ചിലവഴിച്ചിട്ടുണ്ടോ എന്നും ഈ പണം ചിലവഴിച്ചതുകൊണ്ട് പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്നും പദ്ധതിയുടെ ഗുണഭോക്താക്കളുടെ ജീവിതത്തിൽ ഗുണകരമായും അതുമൂലം കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ടോ എന്നും സോഷ്യൽ ഓഡിറ്റ് പ്രക്രിയക്ക് കണ്ടെത്താൻ കഴിയുന്നു.

## സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

മുല്ലശ്ശേരി ബ്ലോക്കിലെ എളവള്ളി പഞ്ചായത്തിലെ വാർഡ് 4 ൽ ഒക്ടോബർ 1, 2018 മുതൽ മാർച്ച് 31, 2019 വരെയുള്ള കാലഘട്ടത്തിൽ നടപ്പിലാക്കിയ പദ്ധതികളാണ് ഓഡിറ്റിന് വിധേയമാക്കിയത് സോഷ്യൽ ഓഡിറ്റ് റിസോഴ്സ് സംഘം പ്രവർത്തി ഫയൽ പരിശോധന, ഫീൽഡ് സന്ദർശനം, തൊഴിലാളികളും ആയുള്ള അഭിമുഖം, എം ഐ എസ് പരിശോധന എന്നിവയെ അടിസ്ഥാനമാക്കിയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

### തൊഴിലാളികളുടെ അവകാശങ്ങൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയുന്നത് എന്തൊക്കെ എന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കണം എന്ന് ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപെടുത്തുന്നതിനു വേണ്ടിയാണ് ഈ സോഷ്യൽ ഓഡിറ്റ് തൊഴിലാളികൾക്ക് 10 അവകാശങ്ങൾ പ്രദാനം ചെയുന്നത്.അവ എന്തൊക്കെ എന്ന് ചുവടെ ചേർക്കുന്നു.

**1.തൊഴിൽ കാർഡ് ലഭിക്കുന്നതിനുള്ള അവകാശം (Schedule 2 Para 1 )**

തൊഴിലുറപ്പു നിയമം (ഷെഡ്യൂൾ 2 പാര 1) അനുസരിച് 18 വയസ്സ് പൂർത്തിയായ ഏതൊരാളും തൊഴിൽ കാർഡിന് അപേക്ഷിച്ചാൽ 15 ദിവസത്തിനുള്ളിൽ ഫോട്ടോ പതിച്ച തൊഴിൽ കാർഡ് സർക്കാർ ചെലവിൽ ലഭിക്കാനുള്ള അവകാശമാണ് നിയമം നൽകുന്നത്. വാർഡിൽ ആകെ 164 തൊഴിൽ കാർഡുകൾ ആണ് ഉള്ളത്. നിലവിൽ 25 പേരാണ് തൊഴിൽ ചെയ്യുന്നത് .

തൊഴിൽ കാർഡിന് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചാൽ ഉചിതമായ അന്വേഷണം നടത്തി 15 ദിവസത്തിനകം കാർഡ് നല്കേണ്ടതാണ്. തൊഴിൽ കാർഡ് കൈവശം സൂകിഷിക്കേണ്ടത് തൊഴിലാളിയാണ്. ഏതെങ്കിലും കാര്യങ്ങൾ എഴുതി ചേർക്കുന്നതിനായി പഞ്ചായത്തിൽ ഏല്പിച്ചിച്ചാൽ എത്രയും വേഗം തിരിച്ചു നൽകേണ്ടതാണ്. വ്യക്തമായ കാരണം കൂടാതെ തൊഴിൽ കാർഡ് പഞ്ചായത്തിൽ സൂക്ഷിക്കുയാണെങ്കിൽ സെക്ഷൻ 25 പ്രകാരം ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്. demand, work allocation, ചെയ്ത പ്രവൃത്തി, ഹാജർ, മസ്റ്റർ റോൾ നമ്പർ, വേതന സംബന്ധമായ വിവരങ്ങൾ തുടങ്ങിയവ തൊഴിൽ കാർഡിൽ ഉണ്ടാവേണ്ടതാണ്. തൊഴിൽ കാർഡ് എടുക്കുന്നതിനുള്ള ചെലവ് ഫോട്ടോ ഉൾപ്പെടെ 6 % അഡ്മിനിസ്ട്രേറ്റീവ് ഫണ്ടിൽ ണ് ഇന്നും എടുക്കേണ്ടതാണ്. പഞ്ചായത്തിൽ നിന്നും സ്ഥിരമായി താമസം മാറി പോവുകയോ, മരണപ്പെടുകയോ, ഹാജരാകിയ രേഖകൾ

കൃത്രിമമാണെന്നു തെളിയുകയോ ചെയ്താൽ മാത്രമേ തൊഴിൽ കാർഡ് ക്യാൻസൽ/ ഡിലീറ്റ് ചെയ്യാൻ പാടുള്ളു.

**.2. തൊഴിൽ ആവശ്യപ്പെടാനും 15 ദിവസത്തിനുള്ളിൽ ലഭിക്കാനുള്ള അവകാശം. (Schedule 1 Para 11 )**

തൊഴിൽ ദിനങ്ങൾ ആവശ്യപ്പെടുവാനും തീയതി വച്ച രസീത് കൈപ്പറ്റുവാനും 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ഉള്ള അവകാശം നിയമം അനുശാസിക്കുന്നു. തൊഴിൽ കാർഡിൽ പേരുള്ള ഏതൊരു അംഗത്തിനും അവിദഗ്ദ കായിക തൊഴിലിയൂനായി ആവശ്യപ്പെടാവുന്നതാണ്.. ഇത്തരം അപേക്ഷ രജിസ്റ്റർ ചെയ്യേണ്ടതും തീയതി വച്ച രസീതി നൽകേണ്ടതുമാണ്. തീയതി വച്ചുള്ള രസീതി തൊഴിലാളികൾക്കു നൽകുന്നതിനുള്ള ഏർപ്പാട് ചെയ്യുന്നില്ല എങ്കിൽ തൊഴിലുറപ്പു നിയമത്തിലെ സെക്ഷൻ 25 അനുസരിച്ചുള്ള ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്.

ഈ വാർഡിലെ തൊഴിലാളികൾ മേറ്റ് മുഖേനയാണ് തൊഴിൽ ആവശ്യപ്പെടുന്നത്. ഡിമാൻഡ് ഫോം ഫ്രണ്ട് ഓഫീസിൽ കൊടുക്കുകയും രസീതി കൈപ്പറ്റുകയും ചെയ്യാറില്ല.

**3 തൊഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം. (Section 7(1) )**

തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ ആദ്യത്തെ മുപ്പത് ദിവസം വേതനത്തിന് നാലിലൊന്നും തുടർന്ന് 100 ദിവസം വരെ വേതനത്തിന് പകുതി യും ലഭിക്കൻ അവകാശമുണ്ട്.

വാർഡിലെ തൊഴിലാളികൾ ആരുംതന്നെ തൊഴിലില്ലായ്മ വേതനത്തിനു അപേക്ഷിച്ചതായി അറിയാൻ കഴിഞ്ഞില്ല .

4. **പ്രവർത്തികൾ കണ്ടെത്തി നൽകാനുള്ള അവകാശം . (Schedule 1 Para 9 )**

ഓരോ തൊഴിലാളിക്കും തൊഴിലുറപ്പ് പദ്ധതി പ്രകാരം തങ്ങളുടെ വാർഡിൽ ഏറ്റെടുത്തു നടപ്പിലാക്കേണ്ട പ്രവർത്തികൾ (നാല് വിഭാഗങ്ങളിലായി 260 എണ്ണം - അനുബന്ധം കാണുക) കണ്ടെത്തി നൽകുവാനുള്ള അവകാശം. സെക്ഷൻ 16 (1) പ്രകാരം ഗ്രാമസഭ / വാർഡ് സഭ യിൽ വരുന്ന നിർദ്ദേശങ്ങളും ഉൾപ്പെടുത്തി കൊണ്ടുള്ള സെല്ഫ് ഓഫ് പ്രൊജക്റ്റ് തയ്യാറാക്കേണ്ട ഉത്തരവാദിത്തം ഗ്രമ പഞ്ചായത്തിനാണ്..

5.**അഞ്ചു കിലോമീറ്റർ ചുറ്റളവിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശം(Schedule 2 Para 18 )**

തൊഴിലാളിയുടെ താമസസ്ഥലത്തു നിന്ന് അഞ്ച് കിലോമീറ്റർ ചുറ്റളവിലല്ല തൊഴിൽ ലഭിക്കുന്നതെങ്കിൽ വേതനത്തിന്റെ 10 ശതമാനം കൂടി അധികവേതനം ലഭിക്കുന്നതിനുള്ള അവകാശം. **(Schedule 2 Para 20 )**

**6.പണി സ്ഥലത്തെ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള അവകാശം(Schedule 2 Para 23 )**

പട്ടിക 2 ഭാഗം 23 പ്രകാരം പ്രവർത്തി സഥലത്തു കുടിവെള്ളം, തണൽ , അടിയന്തിര ചികിത്സക്കുതകുന്ന പ്രഥമശുശ്രൂഷ കിറ്റുകൾ , 5 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ആയയുടെ സൗകര്യം എന്നിങ്ങനെ നിയമം അനുശാസിക്കുന്നു. തൊഴിൽസ്ഥലത്ത് ശുദ്ധമായ കുടിവെള്ളം, ഫസ്റ്റ് എയ്ഡ് ബോക്സ് എന്നിവക്കുള്ള അവകാശം. കൂടാതെ തൊഴിൽ സ്ഥലത്ത് ഉണ്ടാകുന്ന അപകടത്തിൻറെ ചികിത്സാചിലവും ലഭിക്കുന്നതിനുള്ള അവകാശം.

കുടിവെള്ളം തൊഴിലാളികൾ വീട്ടിൽ നിന്നും കൊണ്ടുവരികയാണ്ചെയ്യുന്നത്. തണൽ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതായി കാണപ്പെട്ടില്ല.സുരക്ഷാ സാമഗ്രികളായ കയ്യുറ, കാലുറ എന്നിവയിൽ ലഭ്യതക്കുറവുണ്ടെന്നും കാലുറ ധരിക്കുമ്പോൾ ബുദ്ധിമുട്ട് നേരിടുന്നതായും അറിയാൻ കഴിഞ്ഞു.

**7.കൂലി ലഭിക്കാനും 15 ദിവസത്തിനുള്ളിൽ തന്നെ അത് ലഭിക്കാനുള്ള അവകാശം(Schedule 2 Para 29 )**

സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി 15 ദിവസത്തിനുള്ളിൽ ലഭിക്കുവാൻ ഉള്ള അവകാശം. വേതനം 15 ദിവസത്തിനുള്ളിൽ ലഭിക്കുന്നില്ല എന്ന് പരിശോധനയിൽ വ്യക്തമായി. നിയമം അനുസരിച്ചു 15 ദിവസത്തിനുള്ളിൽ കൂലി ലഭിച്ചില്ല എങ്കിൽ വേതനത്തിന്റെ 0.05% നഷ്ടപരിഹാരത്തിനു അർഹതയുണ്ട്.

കൂലി മാസങ്ങളോളം വൈകുന്നതായി കണ്ടെത്തി.

**8.വേതന വിതരണത്തിലെ കാലതാമസത്തിനു നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം.**

അവസാന പ്രവൃത്തി ദിവസത്തിന്റെ പതിനഞ്ചാം ദിവസത്തിനുള്ളിൽ വേതനം ലഭിച്ചില്ലെങ്കിൽ വേദനത്തിൻറെ 0.05 ശതമാനം അധിക വേതനം ലഭിക്കുന്നത്തിനുള്ള അവകാശം.

പട്ടിക 2 പാര 29 അനുസ്യതമായി പതിനഞ്ചു ദിവസത്തിനകം തൊഴിൽ വേതനം ലഭ്യമായില്ലെങ്കിൽ വേതന താമസത്തിനു 0.05 ശതമാനം നിരക്കിൽ അധിക വേതനം ലഭ്യമാകേണ്ടതാണ്.

**9. സമയബന്ധിതമായ പ്രശ്നപരിഹാരത്തിനുള്ള അവകാശം**

സെക്ഷൻ 19 അനുസരിച്ച് അഞ്ചുദിവസത്തിനകം പരാതി പരിഹരിക്കുകയും ഏഴുദിവസത്തിനുള്ളിൽ പരാതിക്കാരന് അത് അറിയിക്കുവാനും ഉള്ള അവകാശം.

പരാതി രജിസ്റ്റർ, ടോൾ ഫ്രീ നമ്പർ എന്നിവ വഴിയായി പരാതികൾ രേഖപ്പെടുത്താൻ അവസരം ഉണ്ട്.

**10.സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം. (Section 17)**

തുടർച്ചയായി സാമൂഹ്യ പരിശോധന നടത്തുവാനും അതിൽ പങ്കാളിയാകുന്നതിനുമുള്ള അവകാശം.

## ഫയൽ പരിശോധന

1. ജോബ് കാർഡ് രജിസ്റ്റർ
2. **ഗ്രാമസഭ** രജിസ്റ്റർ
3. ഡിമാൻഡ് / അലോക്കേഷൻ & വേതന രജിസ്റ്റർ
4. വർക്ക് രജിസ്റ്റർ
5. ഫിക്സഡ് അസറ്റ് രജിസ്റ്റർ
6. പരാതിരജിസ്റ്റർ
7. മെറ്റീരിയൽ രജിസ്റ്റർ

## പ്രവർത്തി ഫയലിലെ 22 രേഖകൾ

കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം ഒരു പ്രവൃത്തിഫയലിൽ താഴെ പറയുന്ന 22 രേഖകൾ നിർബന്ധമായും ഉണ്ടാക്കേണ്ടതാണ്.

1) കവർ പേജ്
2) ചെക്ക് ലിസ്റ്റ്
3) ആക്ഷൻ പ്ലാൻ / ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി.
4) സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും
5) ഭരണാനുമതിയുടെയും സാമ്പത്തികാനുമതിയുടെയും കോപ്പി.
6) സാങ്കേതികാനുമതിയുടെ കോപ്പി.
7) കൺവെർജെൻസ് വിശധാംശങ്ങൾ
8) തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ.
9) തൊഴിൽ അനുവദിച്ചതുകൊണ്ടുള്ള നോട്ടീസിന്റെ കോപ്പി.
10) പൂരിപ്പിച്ച മസ്റ്റർ റോളിന്റെ കോപ്പി.
11) മെഷർമെൻറ് ബുക്കിന്റെ കോപ്പി.
12) സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വ്യാട്ടേഷൻ ക്ഷണിച്ചതിൻറെയും കംപാരിറ്റിവ് സ്റ്റേറ്റ് മെന്ററിന്റെയും മെറ്റീരിയൽ സപ്ലൈ ഓർഡറിന്റെയും കോപ്പി.
13) വേജ് ലിസ്റ്റ്
14) വേതനത്തിൻറെയും സാധനങ്ങൾക്ക് പണമടച്ചതിന്റേയും എഫ്.റ്റി.ഒ യുടെയും കോപ്പി.
15) മെറ്റീരിയൽ വൗച്ചറിൻറെയും ബിലുകളുടെയും കോപ്പി.
16) റോയൽറ്റി അടച്ചതിൻറെ രസീതിന്റെ കോപ്പി.
17) മൂന്ന് ഘട്ടങ്ങൾ ആയുള്ള തൊഴിലിൻറെ ഫോട്ടോ.
18) പൂർത്തീകരിച്ച സർട്ടിഫിക്കറ്റിന്റെ കോപ്പി.
19) മസ്റ്റർ റോൾ മൂവ് മെൻറ് സ്ലിപ്.
20) ആസ്തിയുടെ ജിയോ ടാഗ് ഫോട്ടോസുകൾ.
21) സോഷ്യൽ ഓഡിറ്റിൻറെ കോപ്പി.
22) സൈറ്റ് ഡയറി.

## CIB- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്

തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള ഒരു ഉപാധിയാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് Para 25(a), schedule 1 അനുസരിച്ച് ഒരു പ്രവർത്തിയുടെ അടിസ്ഥാന വിവരങ്ങൾ അതായത് എസ്റ്റിമേറ്റ് തുക സാധന വേതന ഘടകങ്ങൾ യഥാർത്ഥ ചെലവ് തൊഴിൽ ദിനങ്ങൾ തുടങ്ങിയ വിവരങ്ങൾ സാധാരണ ജനങ്ങൾക്കും ഗുണഭോക്താക്കൾക്കും മനസ്സിലാകുന്ന രീതിയിൽ പ്രദർശിപ്പിക്കേണ്ടത് അനിവാര്യമാണ്.ഈ ബോർഡ് സ്ഥാപിക്കേണ്ടത് ഓരോ

പ്രവർത്തിയുടെയും ആരംഭഘട്ടത്തിൽ ആണ്ഓരോ പ്രവർത്തിക്കും .
അനുസൃതമായി നിഷ്കർഷിച്ചിട്ടുള്ള അളവുകളിൽ ഉള്ള ബോർഡുകൾ സിമൻറ്ഉം ഗിച്ച്പയ ഉകോൺക്രീറ്റും നിർമ്മിച്ച് സ്ഥാപിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ട് ഇരുമ്പ് .,ടിൻ ,ഫ്ളക്സ്ഷീറ്റുകൾ തുടങ്ങിയവ ഉപയോഗിച്ചിട്ടുള്ള ബോർഡുകൾ സ്ഥാപിക്കുന്നത് നിയമവിരുദ്ധമാണ് .

വ്യക്തിഗത പ്രവർത്തികൾക്ക് 3000 രൂപയും പൊതു പ്രവർത്തികൾക്ക് 5000 രൂപയും ആണ് പരമാവധി നിർമ്മാണ ചിലവ് എന്നാണ് ആനുവൽ മാസ്റ്റർ സർക്കുലർ നിഷ്കർഷിക്കുന്നത്. CIB അടങ്ങുന്ന ഒരു ഫോട്ടോ പ്രവൃത്തി ഫയലിൽ ഉൾപ്പെടുത്തണം എന്നത് നിർബന്ധമാണ്.

**റോസ്ഗാർദിനം**

തൊഴിൽ ആവശ്യകത കൃത്യമായി രജിസ്റ്റർ ചെയ്യുന്നതിനും തൊഴിലാളികളുടെ അർഹതകളും അവകാശങ്ങളും അവരെ ബോധ്യപ്പെടുത്തുന്നതിനും പദ്ധതികൾ പരിഹരിക്കുന്നതിനുമായി റോസ്ഗാർ ദിനം സംഘടിപ്പിക്കേണ്ടതാണ്. റോസ്ഗാർ ദിനം ആചരിക്കുന്നതിനു മുൻപായി വിവര വിദ്യാഭ്യാസ വ്യാപനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട് എന്ന് ജില്ലാ പ്രോഗ്രാം കോഡിനേറ്റർ ഉറപ്പുവരുത്തേണ്ടതാണ്. റോസ്ഗാർ കലണ്ടർ സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകളെ പ്രത്യേകമായി ബോധവൽക്കരിക്കേണ്ടതാണ്.

റോസ്ഗാർ ദിനം സംഘടിപ്പിക്കുന്നതിൻറെ ചുമതലകളും ഉത്തരവാദിത്വങ്ങളും സംസ്ഥാന സർക്കാർ ജില്ലാ പ്രോഗ്രാം കോഡിനേറ്റർ രൂപീകരിച്ചിട്ടുള്ള പ്രതിമാസ പട്ടിക അനുസരിച്ച് തന്നെ റോസ്ഗാർ ദിനം സംഘടിപ്പിക്കുന്നു എന്ന് ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ ഉറപ്പുവരുത്തേണ്ടതാണ്. ഈ പട്ടിക ഗ്രാമവികസന മന്ത്രാലയവുമായും പൊതുജനങ്ങളുമായും പങ്കുവെക്കേണ്ടതും ഒരു മാസത്തിലൊരിക്കൽ ഗ്രാമ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് നിയോഗിക്കപ്പെട്ട ഗ്രാമപഞ്ചായത്തിലെ ഭാരവാഹി ദിനാചരണത്തിൽ അധ്യക്ഷത വഹിക്കേണ്ടതാണ്. ഇത് നടത്തുന്നതിനും നടപടിക്രമങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സ്വയംസഹായ സംഘങ്ങളുടെ ഫെഡറേഷൻ അംഗങ്ങൾ എന്നിവർക്കാണ്. റോസ്ഗാർദിനം ആചരിക്കുന്നത്നിശ്ചയിക്കപ്പെട്ടിട്ടുള്ള ദിവസം നടത്തുന്നതിനായി ഉദ്യോഗസ്ഥരെ നിയോഗിക്കേണ്ട താണ്. ഈ യോഗത്തിൽ മിനിറ്റ്സ് പൊതുജനങ്ങൾക്ക് പരിശോധിക്കുന്നതിനും സോഷ്യൽ ഓഡിറ്റിനും ലഭ്യമാക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാർ ദിനം സംഘടിപ്പിക്കുന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ ശേഖരിക്കുന്നതാണ്. സംസ്ഥാന സർക്കാർ തൊഴിൽ ആവശ്യകത സംബന്ധിച്ച് ജില്ലാതല റിപ്പോർട്ടുകൾ പതിവായി അവലോകനം ചെയ്യേണ്ടതാണ

## പ്രവൃത്തികളുടെ പരിശോധനാ വിവരണം

ഓഡിറ്റ് കാലയളവിൽ നടത്തിയിട്ടുള്ള ആറ് പ്രവൃത്തികളാണ് പരിശോധനക്കാണ്  വിദേയമാക്കിയിട്ടുള്ളത് .

### 1.കടവല്ലൂർ പ്രദേശത്ത് സംഘകൃഷിക്ക് അനുയോജ്യമായ നിലമൊരുക്കൽ  (1607010001/ LD / 324866)

27/11/ 2018 TO  7 / 02 / 2019

- ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 195345 / -രൂപയും 695തൊഴിൽ ദിനങ്ങളും  ഉൾക്കൊള്ളിച്ചിരിക്കുന്നു .
- M .BOOK പ്രകാരം ചിലവഴിച്ചിരിക്കുന്നത് 190745 .68/-രൂപയയാണ് .
- muster roll പ്രകാരം ചിലവഴിച്ചിരിക്കുന്നതു 224388 /-രൂപയും 813 തൊഴിൽ ദിനങ്ങളുമാണ് .
- പ്രവൃത്തി സ്ഥലത്ത് CIB കാണാൻ സാധിച്ചില്ല. എം.ബുക്കിൽതുകരേഖപ്പെടുത്തിയിട്ടില്ല . എം ഐ സ് ഇൽ CIB ക്കായുള്ള തുകയായ 3000/- രൂപ കാണിക്കുന്നുണ്ട് .
- FTO കാണാൻ കഴിഞ്ഞില്ല .
- തൊഴിലാളികൾ 15  ഇടങ്ങളിലായി സംഘകൃഷിക്ക് നിലമൊരുക്കുകയും കൃഷി സ്ഥലങ്ങളിൽ നിന്നും നല്ല വിളവ് ലഭിച്ചതായി ഭൂവുടമകളിൽ നിന്നും അറിയാൻ സാധിച്ചു .ഇപ്പോൾ കൃഷിയിടങ്ങളിൽ വാഴകൃഷി കാണാൻ സാധിച്ചു .
- കൊള്ളി, പയർ ,വാഴ , ചേമ്പ്,മഞ്ഞൾ ,ചേന ,ഇഞ്ചി ,മുളക് തുടങ്ങിയവയാണ് വിളവെടുത്തതെന്ന് അറിയാൻ കഴിഞ്ഞു .
- സംഘകൃഷി ചെയ്ത ചിലയിടങ്ങളിൽ മുള്ളൻ പന്നി , കാട്ടുപന്നി എന്നിവയുടെ ശല്യം ഉള്ളതായി ഭൂവുടമകളിൽ നിന്നും അറിയാൻ കഴിഞ്ഞു .

**2.ചെറിയ കോഴിത്തോട് പുനരുദ്ധാരണം സംരക്ഷണം**

**(1607010001/ WH/ 287314 )**

3/ 10/ 18  TO 10/03/ 19

- ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 92140/ -രൂപയും 312 തൊഴിൽ ദിനങ്ങളും  ഉൾക്കൊള്ളിച്ചിരിക്കുന്നു .
- M .BOOK പ്രകാരം ചിലവഴിച്ചിരിക്കുന്നത് 82926/-രൂപയാണ് .
- പ്രവൃത്തി സ്ഥലത്ത് CIB കാണാൻ സാധിച്ചില്ല . എം.ബുക്കിൽതുകരേഖപ്പെടുത്തിയിട്ടില്ല . എം ഐ സ് ഇൽ CIB ക്കായുള്ള തുകയായ 5000/- രൂപ കാണിക്കുന്നുണ്ട് .
- തോടിൽ നല്ലരീതിയിൽ നീരൊഴുക്കുണ്ടെങ്കിലും മാലിന്യങ്ങൾ തങ്ങിനിൽക്കുന്നതിനാൽ നീരുഴുക്കിന് തടസമുള്ളതായി കാണാൻ കഴിഞ്ഞു .
- നാല് master roll കളിലായി 306 തൊഴിൽ ദിനങ്ങളും 82926 രൂപ വേതനത്തിനും 1530 /-രൂപ പണിആയുധ വാടകയായും കാണാൻ കഴിഞ്ഞു.
- FTO  കാണാൻ കഴിഞ്ഞില്ല .

**3.കടവല്ലൂർ പ്രദേശത്ത് വ്യക്തികത കക്കൂസ് നിർമ്മാണം**

**(1607010001/RS/306405)**

30/11/2018 TO 26/01/2019

3/27 ചന്ദ്രിക വേലായുധൻ

- ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 12000 / -രൂപയും 28 തൊഴിൽ ദിനങ്ങളും  ഉൾക്കൊള്ളിച്ചിരിക്കുന്നു.
- M .BOOK പ്രകാരം ചിലവഴിച്ചിരിക്കുന്നത് 7588/-രൂപയും 28 തൊഴിൽ ദിനങ്ങളുമാണ്.
- നിർമ്മാണം പൂർത്തീകരിച് ഉപയോഗ്യമാക്കിയിരിക്കുന്നു.
- ബാങ്ക് പാസ്ബുക്ക് അപ്ഡേറ്റ് ചെയ്യിട്ടില്ല

**4. കടവല്ലൂർ പ്രദേശത്ത് ഗവണ്മെന്റ് ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ-1 (1607010001/ IF / 347678)**

14/02/2019 TO 24/03/2019

3/218 സുരഭി സുനിൽകുമാർ

- ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 24390/ -രൂപയും 90 തൊഴിൽ ദിനങ്ങളും  ഉൾക്കൊള്ളിച്ചിരിക്കുന്നു .
- M .BOOK പ്രകാരം ചിലവഴിച്ചിരിക്കുന്നത് 14092/-രൂപയും 52 തൊഴിൽ ദിനങ്ങളുമാണ്  .
- MUSTER ROLL ,M.BOOK, WAGE LIST തുടങ്ങിയവയുടെ വേതനം തുല്യമാണ് .
- FTO ഉണ്ടായിരുന്നില്ല .
- വീടുപണി പൂർത്തീകരിച്ചതായി കാണാൻ സാധിച്ചു . താമസം ആരംഭിച്ചിട്ടില്ല
- ഉടമക്ക് തൊഴിൽ കാർഡ് കൈവശമില്ല .പാസ്ബുക്ക്  അപ്ഡേറ്റ് ആയിരുന്നെന്നും അറിയാൻ സാധിച്ചു .

**5.കടവല്ലൂർ പ്രദേശത്ത് ഗവണ്മെന്റ് ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ-2 (1607010001/ IF / 347680)**

31/01/2019 TO 13/02/2019

രമ്യ മനോജ് 5/191

- ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 24390/ -രൂപയും 90 തൊഴിൽ ദിനങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു .
- M .BOOK പ്രകാരം ചിലവഴിച്ചിരിക്കുന്നത് 14092/-രൂപയും 52 തൊഴിൽ ദിനങ്ങളുമാണ്  .
- MUSTER ROLL ,M.BOOK, WAGE LIST തുടങ്ങിയവയുടെ വേതനം തുല്യമാണ് .
- FTO ഉണ്ടായിരുന്നില്ല .
- വീടുപണി പൂർത്തീകരിച്ചതായി കാണാൻ സാധിച്ചു . താമസം ആരംഭിച്ചു.
- ഉടമക്ക് തൊഴിൽ കാർഡ് കൈവശമുണ്ടെന്നും പാസ്ബുക്ക്  അപ്ഡേറ്റ് ആയിരുന്നെന്നും അറിയാൻ സാധിച്ചു .

## 6.കടവല്ലൂർ പ്രദേശത്ത് ഗവണ്മെന്റ് ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ-3(1607010001/ IF / 347681)

30/11/2018 TO 26/03/2019

ലിസി തംബി (4/210)

- ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 24390/ -രൂപയും 90 തൊഴിൽ ദിനങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു .
- M .BOOK പ്രകാരം ചിലവഴിച്ചിരിക്കുന്നത് 24390/-രൂപയും 90 തൊഴിൽ ദിനങ്ങളുമാണ് .
- MUSTER ROLL ,M.BOOK, WAGE LIST തുടങ്ങിയവയുടെ വേതനം തുല്യമാണ്
- FTO ഉണ്ടായിരുന്നില്ല .
- വീടുപണി പൂർത്തീകരിച്ചതായി കാണാൻ സാധിച്ചു .
- ഉടമക്ക് തൊഴിൽ കാർഡ് കൈവശമുണ്ടെന്നും പാസ്ബുക്ക് അപ്‌ഡേറ്റ് ആയിരുന്നെന്നും അറിയാൻ സാധിച്ചു .

### കണ്ടെത്തലുകൾ

- പ്രഥമ സുശ്രൂക്ഷ സാമഗ്രികൾ തൊഴിലാളികൾ സ്വന്തം ചിലവിൽ വാങ്ങുകയാണെന്നും അറിയാൻ കഴിഞ്ഞു.
- വേതനം ലഭിക്കാൻ കാലതാമസം നേരിടുന്നതായും തൊഴിലാളികൾ പറഞ്ഞു .
- പ്രവൃത്തി സ്ഥലങ്ങളിൽ CIB കാണുവാൻ കഴിഞ്ഞില്ല. സംഘകൃഷിക്ക് അനുയോജ്യമായ നിലമൊരുക്കൽ , ചെറിയ കോഴിത്തോട് പുനരുദ്ധാരണം സംരക്ഷണം എന്നി രണ്ട് പ്രവൃത്തിയിലും CIB സ്ഥാപിക്കുകയും ,ഫോട്ടോ എടുത്ത ശേഷം CIB നീക്കം ചെയ്തതായും തൊഴിലാളികളിൽ നിന്നും അറിയാൻ സാധിച്ചു
- സുരക്ഷാ സാമഗ്രികളായ കയ്യുറ, കാലുറ എന്നിവയിൽ ലഭ്യതക്കുറവുണ്ടെന്നും കാലുറ ധരിക്കുമ്പോൾ ബുദ്ധിമുട്ട് നേരിടുന്നതായും അറിയാൻ കഴിഞ്ഞു.
- തൊഴിലിടങ്ങളിൽ വെച്ച് അപകടം സംഭവിച്ച സംഭവിച്ച തൊഴിലാളികളായ മേരി ,നിർമ്മല എന്നി വ്യക്തികൾക്ക് ചികിത്സാ സഹായം ലഭിച്ചതായി അറിയാൻ കഴിഞ്ഞു
- 15 വ്യത്യസ്ത ഇടങ്ങളിലായാണ് സംഘകൃഷി ചെയ്തിരിക്കുന്നതെന്ന് കാണാൻ കഴിഞ്ഞു .

- തൊഴിലാളികളിൽ ഭൂരിഭാഗം പേരും മറ്റു തൊഴിലിനു പോകത്തവരായതിനാൽ തൊഴിലുറപ്പിൽ നിന്നും ലഭിക്കുന്ന വരുമാനം ചെറിയ തോതിലെങ്കിലും സാമ്പത്തികമായി ഉപകാരപ്രദമാണെന്നു അറിയാൻ കഴിഞ്ഞു
- ഈ ഓഡിറ്റ് കാലയളവിൽ അവിദഗ്ദ്ധ തൊഴിലാളികൾക്ക് 363411/- രൂപ വേതനമായി നൽകി, പണിആയുധ വാടകയായി 5595 /-രൂപയും , നൽകിയതായി അറിയാൻ സാധിച്ചു.അകെ തുക 369006/- രൂപ. ആകെ തൊഴിൽ ദിനങ്ങൾ 1341 ആണ്.

## നിർദ്ദേശങ്ങൾ

- കൃത്യമായ ഇടവേളകളിൽ ബാങ്ക് പാസ്സ്ബുക്കിൽ ഇടപാട് വിവരങ്ങൾ രേഖപ്പെടുത്തുക .ഇതുവഴി വേതനം ലഭിച്ചുവോ / ഇല്ലയോ / വൈകിയോ  വിവരങ്ങൾ തുടങ്ങിയ  അറിയാൻ സാധിക്കും .
- മസ്റ്റർ റോൾ ,എം.ബുക്ക് എന്നിവയിൽ തിരുത്തലുകൾ പാടില്ല.
- പ്രഥമ ശുശ്രൂക്ഷ സാമഗ്രികൾ നിർബന്ധമായും കൈവശം വെക്കുക .
- സ്വയം രക്ഷാ സഹായ സാമഗ്രികളായ കയ്യുറ, കാലുറ എന്നിവ തീർച്ചയായും നൽകുക .
- മസ്റ്റർറോൾ സൈറ്റ് ഡയറി estimate പ്രവർത്തി സ്ഥലത്ത് ഉണ്ടായിരികേണ്ടതാണ്

| Si No | Work code | work name | Cover Page | Check List | Action Plan | Estimate | Design | TS | AS | Convergence | Demand | Work Allocation | Muster Roll | M.Book | Purchase | Wage List | FTO | Material | Royalty | 3 phase Photograph | Completion | muster roll movement | Geo Tag photo | Social Audit report | Site Diary | Board |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1607010001/ LD / 324866 | .കടവല്ലൂർ പഞ്ചായത്ത് സംഘകൃഷിക്ക് അനുയോജ്യമായ നിലമൊരുക്കൽ | Yes | Yes | no | Yes | No | Yes | yes | No | no | No | yes10 | Yes | No | yes10 | no | No | NA | No | No | Yes | No | No | NO | no |
| 2 | 1607010001/ WH/ 287314 | ചെറിയ കോഴിത്തോട് പുനരുദ്ധാരണം സംരക്ഷണം | Yes | Yes | no | Yes | No | Yes | yes | No | no | No | yes(4) | Yes | No | yes3 | no | No | NA | No | No | Yes | No | No | NO | yes |
| 3 | 1607010001/ RS/306405 | കടവല്ലൂർ പഞ്ചായത്ത് വ്യക്തിഗത കക്കൂസ് നിർമ്മാണം | Yes | Yes | no | Yes | no | Yes | yes | No | No | No | yes3 | Yes | No | yes3 | no | no | NA | No | No | Yes | No | No | No | No |
| 4 | 1607010001/ IF / 347678 | കടവല്ലൂർ പഞ്ചായത്ത് ഗവൺമെന്റ് ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ-1 | Yes | Yes | no | Yes | no | Yes | yes | No | No | No | yes4 | Yes | No | yes(4 | no | no | NA | No | No | Yes | No | No | No | No |
| 5 | 1607010001/ IF / 347680 | കടവല്ലൂർ പഞ്ചായത്ത് ഗവൺമെന്റ് ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ-2 | Yes | Yes | no | Yes | no | Yes | yes | No | No | No | yes4 | Yes | No | yes4 | no | no | NA | No | No | Yes | No | No | No | No |
| 6 | 1607010001/ IF / 347681 | കടവല്ലൂർ പഞ്ചായത്ത് ഗവൺമെന്റ് ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ-3 | Yes | Yes | no | Yes | no | Yes | yes | No | No | No | yes7 | Yes | No | yes7 | no | no | NA | No | No | Yes | No | No | No | No |

| Si No | ward | Work Name | Work Code | Starting Date | End Date | Est.Amt | actual Amt | Mandays | Mandays |
|---|---|---|---|---|---|---|---|---|---|
| 1 | 4 | കടവല്ലൂർ പഞ്ചായത്ത് സംഘകൃഷിക്ക് അനുയോജ്യമായ നിലമൊരുക്കൽ | 1607010001/ LD / 324866 | 27-11-2018 | 07-02-2019 | 195345 | 220323 | 695 | 813 |
| 2 | 4 | ചെറിയ കോഴിത്തോട് പുനരുദ്ധാരണം സംരക്ഷണം | 1607010001/ WH/ 287314 | 03-10-2018 | 10-03-2019 | 92140 | 82926 | 312 | 306 |
| 3 | 4 | കടവല്ലൂർ പഞ്ചായത്ത് വ്യക്തിഗത കക്കൂസ് നിർമ്മാണം | 1607010001/RS/306405 | 30-11-2018 | 26-01-2019 | 12000 | 7588 | 28 | 28 |
| 4 | 4 | കടവല്ലൂർ പഞ്ചായത്ത് ഗവൺമെന്റ് ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ-1 | 1607010001/ IF / 347678 | 14-02-2019 | 24-03-2019 | 24390 | 14092 | 90 | 52 |
| 5 | 4 | കടവല്ലൂർ പഞ്ചായത്ത് ഗവൺമെന്റ് ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ-2 | 1607010001/ IF / 347680 | 31-01-2019 | 13-02-2019 | 24390 | 14092 | 90 | 52 |
| 6 | 4 | കടവല്ലൂർ പഞ്ചായത്ത് ഗവൺമെന്റ് ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ-3 | 1607010001/ IF / 347681 | 30-11-2018 | 26-03-2019 | 24390 | 24390 | 90 | 90 |
| Total | | | | | | 372655 | 363411 | 1305 | 1341 |

## എളവള്ളി ഗ്രാമപഞ്ചായത്ത് മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പു പദ്ധതി വാർഡ് 4

എളവള്ളി ഗ്രാമപഞ്ചായത്ത് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി വാർഡ് 4 ലെ സോഷ്യൽ ഓഡിറ്റ് ഗ്രാമ സഭ 24 /11 /19 ഞായറാഴ്ച വൈകിട്ട് 3.45 pm ന് തൊഴിലാളിയായ ശ്രീ ചന്ദ്രന്റെ അധ്യക്ഷതയിൽ M I C മദ്രസ ഹാളിൽ വെച്ച് ചേർന്നു. വാർഡ് മെമ്പർ ശ്രീ രഞ്ജിത്ത് സ്വാഗതം ആശംസിച്ചു.

തുടർന്ന് Vrp ജിഷ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും വിഷയാവതരണവും നടത്തുകയുണ്ടായി .മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയുന്നത് എന്തൊക്കെയെന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപെടുത്തുന്നതിനു വേണ്ടിയാണു ഈ സോഷ്യൽ ഓഡിറ്റിനും Vrp ജിഷ പറയുകയുണ്ടായി തുടർന്ന് Vrp ഷനുജ പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ടതായ പത്ത് അവകാശങ്ങളെ കുറിച്ച് ബോധവാന്മാരാക്കുകയും ചെയ്തു. .പ്രഥമ സുസ്രൂക്ഷ സാമഗ്രികൾ ലഭിക്കുന്നതിനുള്ള അപര്യാപ്തത തൊഴിലാളികൾ പറയുകയും ,മരുന്നുകൾ ലഭിക്കാത്ത സാഹചര്യം വന്നാൽ പുറമെനിന്നും മരുന്നുകൾ വാങ്ങി ബില്ല് പഞ്ചായത്തിൽ കൊടുക്കുകയും വേണമെന്നും അക്കൗണ്ടന്റ് മീര നിർദേശിച്ചു .സ്വയം രക്ഷാസാമഗ്രികളായ കയ്യുറ ,കാലുറ ലഭ്യമാകുന്നുണ്ടോ എന്ന് Vrp നിതിൻ ചോദിക്കുകയും സുരക്ഷാ സാമഗ്രികളായ കയ്യുറ, കാലുറ എന്നിവയിൽ ലഭ്യതക്കുറവുണ്ടെന്നും കാലുറ ധരിക്കുമ്പോൾ ബുദ്ധിമുട്ട് നേരിടുന്നതായും തൊഴിലാളിയായ ശൈലജ നിർദേശിച്ചു. സ്വയം രക്ഷാസാമഗ്രികളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി പഞ്ചായത്ത് ടെൻഡർ വിളിക്കുമെന്നും അക്കൗണ്ടന്റ് മീര നിർദേശിച്ചു . തൊഴിലിടങ്ങളിൽ CIB വെക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും ,തൊഴിലാവശ്യകത കൃത്യമായി രജിസ്റ്റർ ചെയ്യുന്നതിനും തൊഴിലാളികളുടെ അർഹതകളും അവകാശങ്ങളും അവരെ ബോധ്യപെടുത്തുന്നതിന്നതിനും പദ്ധതികൾ പരിഹരിക്കുന്നതിനുമായി റോസ്ഗാർ ദിനം സംഘടിപ്പിക്കേണ്ടതാണ് എന്നും Vrp ഷനുജ തൊഴിലാളികളോട് നിദേശിച്ചു.വേതന വിതരണത്തിലെ കാലതാമസം എത്രയും വേഗത്തിൽ തന്നെ പരിഹരിക്കപെടനമെന്നു തൊഴിലാളിയ ഓമന പരതിപറയുകയുണ്ടായി .BPL വർക്ക്കൾ കഴിഞ്ഞതിനു ശേഷം വാർഡിലെ APL വർക്ക്കൾ തുടങ്ങനാവുമെന്നും തൊഴിലാളികളെ അറിയിച്ചു .

തുടർന്ന് 4.20pm ന് Vrp നിതിൻദാസ് ഗ്രാമസഭയിൽ പരിശോധനക്കു വിദേയമാക്കിയ ആറു പ്രവൃത്തികളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. തൊഴിലിടങ്ങളിൽ വെച്ച് എന്തെങ്കിലും അപകടം സംഭവിക്കുകയാണെങ്കിൽ സൈറ്റ് ഡയറിയിൽ അപകടപ്പെട്ട വ്യക്തിയുടെ പേര് , അപകടം നടന്ന തിയതി ,സമയം എന്നിവ രേഖപ്പെടുത്തണമെന്ന് അക്കൗണ്ടന്റ് മീര

തൊഴിലാളികൾക്ക് നിർദശം നൽകി . തൊഴിലിടങ്ങളിൽ വെച്ച് അപകടം സംഭവിച്ച തൊഴിലാളികളായ മേരി ,നിർമ്മല എന്നി വ്യക്തികൾക്ക് ചികിത്സാ സഹായം ലഭിച്ചതായി മേറ്റ് പറഞ്ഞു .കൃഷിയിടങ്ങളിൽ മുള്ളൻ പന്നി, കാട്ടുപന്നി എന്നിവയുടെ ശല്യം മൂലം കൃഷി നശിച്ചു എന്നും മെമ്പറോഡു പരാതിപെട്ടിട്ടുണ്ടെന്നും അധ്യക്ഷനായ ചന്ദ്രൻ അറിയിച്ചു .തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഇൻഷുറൻസ് ഉണ്ടോ എന്ന് മേറ്റ് ചോദിക്കുകയും ,ഇപ്പോൾ ഇല്ല എന്നും ആദ്യം സ്കൊലെര്ഷിപ് ഉണ്ടായിരുന്നെന്നും അക്കൗണ്ടന്റ് മീര അറിയിച്ചു .

തുടർന്ന് അധ്യക്ഷ റിപ്പോർട് അംഗീകരിക്കുകയും 4.40 PM ന് മേറ്റായ ശ്രീമതി ശ്യലജ നന്ദി പറയുകയും അധ്യക്ഷന്റെ അനുവാദത്തോടുകൂടി യോഗം പിരിച്ചു വിടുകയും ചെയ്തു .

## ഗ്രാമസഭ തീരുമാനങ്ങൾ

- ടാർപോളിൻ, കയ്യുറകൾ, കാലുറകൾ തുടങ്ങിയവ തൊഴിലിടങ്ങളിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് വഴിയായി നടപടികൾ സ്വീകരിക്കും

- തൊഴിൽ ലഭിക്കുന്നതിനുള്ള ഡിമാൻഡ് ഫോം പഞ്ചായത്തിലെ ഫ്രന്റ് ഓഫീസിൽ വഴിയായി നൽകുവാൻ തീരുമാനിച്ചു.

- ഡിമാൻഡ് ഫോം നൽകിയാൽ അതിനു കൈപറ്റു രസീതി വാങ്ങുവാൻ തീരുമാനമായി.

- പ്രഥമ സുസ്രൂക്ഷ സമഗ്രികൾ ലഭിക്കാത്ത സാഹചര്യത്തിൽ മരുന്നുകൾ ഫാർമസിയിൽ നിന്നും വാങ്ങുകയും ,ബില്ല് പഞ്ചായത്തിൽ നൽകണമെന്നും ഓവറ്സീർ നിർദേശിച്ചു .

- പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപുതന്നെ CIB സ്ഥാപിക്കുകയും അക്കാര്യം കൃത്യമായി എം ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്യും .

- പ്രവൃത്തി സ്ഥലങ്ങളിൽ മാസ്റ്റർ റോൾ ,സൈറ്റ് ഡയറി എന്നിവയുണ്ടെന്നു ഉറപ്പുവരുത്തിയ ശേഷമേ പ്രവൃത്തി ആരംഭിക്കാവു എന്ന് മേറ്റ് കൃത്യമായി ശ്രദ്ധിക്കും

- തൊഴിൽ കാർഡ് പൂരിപിക്കുനതിലുള്ള സംശയങ്ങൾ പരിഹരിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ ക്ലാസ്സ് വെക്കാമെന്നും

, അല്ലെങ്ങിൽ ഒരു തൊഴിൽ കാർഡ് പൂരിപ്പിച്ചു കാണിച്ചു തരാമെന്നും തീരുമാനമായി .

- റോസ്റ്റാർ ദിനം മാസത്തിൽ ഒരിക്കൽ തൊഴിൽ സ്ഥലത്തു വെച്ച് നടത്താൻ തീരുമാനമായി .